"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ശ്രീമതി.മീരാ ബീവി മുതൽ പേർ ഫയൽ ചെയ്ത WP(C)2953/22-ൻമേലുള്ള 13/07/2022-ലെ കോടതി വിധിന്യായത്തിനെതിരെ ടിയാളുടെ അനന്തരാവകാശികളായ അബ്ദുൾ കരിം മുതൽപേർ ഫയൽ ചെയ്ത WA1734/23 ന്മേലുള്ള 16/10/2023-ലെ വിധിന്യായം നടപ്പിലാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.223/2024/RD തീയതി,തിരുവനന്തപുരം, 13-11-2024

---

പരാമർശം:-

1. ശ്രീമതി.മീരാ ബീവി മുതൽ പേർ ഫയൽ ചെയ്ത WP(C)2953/22-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 13.07.2022- ലെ വിധിന്യായം.
2. സ.ഉ.(കൈ) 12/2023/റവ തീയതി 21.01.2023
3. അബ്ദുൾ കരിം മുതൽപേർ ഫയൽ ചെയ്ത WA1734/23-ലെ 16.10.2023-ലെ വിധിന്യായം.
4. എറണാകുളം ജില്ലാ കളക്ടറുടെ 02.04.2024-ലെ DCEKM/1878/2022-L2 നമ്പർ കത്ത്.
5. ലാന്റ് റവന്യൂ കമ്മീഷണറുടെ 17.07.2024-ലെ LR/6223/2023-LR നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീമതി.മീരാ ബീവി മുതൽ പേർ ഫയൽ ചെയ്ത WP(C)2953/22-ന്മേൽ ബഹു.ഹൈക്കോടതിയുടെ പരാമർശം (1) വിധിന്യായത്തിൽ താഴെ പറയും പ്രകാരം ഉത്തരവായിരുന്നു.

" ..........In the afore circumstances, I allow this writ petition to the limited extent of directing the competent Authority of the Government to take up Ext.P12 report and complete necessary action pursuant thereto, after affording the petitioners 2 to 4, or their authorised representative, an opportunity of being heard, thus culminating in an appropriate order and necessary action thereon, as expeditiously as is possible but not later than six months from the date of receipt of a copy of this judgment. I, however, clarify that since the claim of the original 1st petitioner against cancellation of Ext P2 "Patta"remains concluded through ExtP11 and which has not been

challenged until this writ petition was filed, the Government will be at liberty to consider her claim solely based on Ext.P12, subject to all other statutory and other legal requirements being satisfied. I further clarify that this does not mean that this Court has concluded that the original 1st petitioner is entitled to assignment as stated in ExtP12, but only that, this should be considered in its right perspective by the Government; and that if any such is found eligible to her, it can be offered to petitioners 2 to 4 as a fresh one. Until such time as the afore exercise is completed and the resultant order communicated to the petitioners, the interim order of this Court dated 28.01.2022 will continue to be in force. "

2. മേൽ വിധിന്യായത്തിനെതിരെ ശ്രീമതി.മീരാ ബീവിയുടെ അനന്തരാവകാശികൾ ഫയൽ ചെയ്ത WA.1734/2023-ന്മേലുള്ള പരാമർശം (3) വിധിന്യായത്തിൽ താഴെ പറയും പ്രകാരം ഉത്തരവായിരുന്നു.

" .................Having heard the learned Advocates appearing for respective parties, we dispose of this appeal. However, it is made clear that the authority shall pass orders afresh as per the directions issued by the learned Single Judge, without being influenced by the earlier orders. The writ appeal is disposed of accordingly."

3. ഇക്കാര്യത്തിൽ എറണാകുളം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം കോതമംഗലം താലൂക്ക്, പോത്താനിക്കാട് വില്ലേജ് സർവ്വെ 971/1എ/80എ നമ്പരിൽപ്പെട്ട 1 ഏക്കർ 20 സെന്റ് 800ച. ലിങ്ക്സ് ഭൂമി ടി വില്ലേജ്, പല്ലാരിമംഗലം കരയിൽ മുകളേൽ മുഹമ്മദ് മകൾ മീരാബീവി പേരിൽ എൽ.എ 01/87/PKD നമ്പർ ആയി 02-02-1987-ൽ പട്ടയം നൽകിയിട്ടുള്ളതാണ്. എന്നാൽ ടി വില്ലേജിൽ, മംഗലശേരി വീട്ടിൽ മുഹമ്മദ് എന്നയാൾ മീരാബീവി പേരിൽ പട്ടയം നൽകിയത് ചട്ടങ്ങൾക്ക് വിരുദ്ധമായാണെന്ന് കാണിച്ച് പരാതി നൽകുകയും അതിൻപ്രകാരം അന്വേഷണം നടത്തി ബോധ്യപ്പെട്ടതിനെ തുടർന്ന് തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നൽകിയ പട്ടയമാണെന്ന് കാണിച്ച് എൽ.എ 01/87/PKD നമ്പർ പട്ടയം റവന്യൂ ഡിവിഷണൽ ഓഫീസറുടെ 24-04-1997 ലെ ഡി.ഡിസ്.6219/92/എ5 നമ്പർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതാണ്. പട്ടയം റദ്ദ് ചെയ്ത നടപടിയ്ക്കെതിരെ ശ്രീമതി. മീരാ ബീവി ജില്ലാ കളക്ടർ മുൻപാകെ അപ്പീൽ ഫയൽ ചെയ്യുകയും ഭൂമി പട്ടദാരുടെ കൈവശംവെച്ച് വരുന്നില്ല എന്നതിനാലും ടിയാളുടെ ഉയർന്ന വാർഷിക വരുമാനം കാരണമാണ് പട്ടയം റദ്ദ ചെയ്തിരുന്നത് എന്ന സാഹചര്യത്തിൽ എറണാകുളം ജില്ലാ കളക്ടറുടെ 15-10-1997 ലെ എൽ2-38996/97 നമ്പർ ഉത്തരവ് പ്രകാരം ടി പരാതി തള്ളി കളയുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് ടിയാൾ ജില്ലാ കളക്ടറുടെ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒ.പി 23100/97 നമ്പരായി കേസ് ഫയൽ ചെയ്യുകയും ആയതിലെ 12-07-2005 വിധിന്യായപ്രകാരം റവന്യൂ കമ്മീഷണർക്ക് നൽകിയ പരാതി 10.06.2006 ലെ LRJ3-38972/2005 നമ്പർ ആയി കമ്മീഷണർ തള്ളി ഉത്തരവായിരുന്നതുമാണ്. സർക്കാരിന്റെ പൊതു നിർദ്ദേശത്തെ തുടർന്ന് പട്ടയം ക്യാൻസൽ ചെയ്ത

സ്ഥലം ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തുന്നതിന് ടിയാന് 11 (3) നോട്ടീസ് 13.06.2007 ൽ നൽകിയിരുന്നതാണ്. ടി നോട്ടീസിനെതിര പരാതിക്കാരി ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ WP(C)8477/2007 നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി കേസിലെ 15.06.2007 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കക്ഷിയെ വിചാരണ നടത്തിയിട്ടുള്ളതും രണ്ടാമത്തെ റിവിഷൻ പെറ്റീഷൻ സർക്കാരിന് അനുവദിക്കുവാൻ കഴിയുന്നതല്ല എന്നതറിയിച്ച് 25.01.2008-ൽ സ.ഉ (സാധാ) നം.43/2008/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനെ തുടർന്ന് പരാതിക്കാരി വീണ്ടും 16.01.2008 ൽ പരാതി നൽകുകയും പ്രസ്തുത പരാതിയിൽ അന്വേഷണം നടത്തിയതിൽ, പരാതി സ്ഥലം ബി.ടി.ആർ പ്രകാരം 1 ഏക്കർ 24 സെന്റ് വരുന്ന പാറ പുറമ്പോക്കാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. തുടർന്ന് ടി സ്ഥലം താലൂക്ക് സർവ്വെയർ മുഖാന്തിരം തിട്ടപ്പെടുത്തിയതിൽ 43.500 സെന്റ് സ്ഥലം പാറയായി കിടക്കുന്നതും, 80.500 സെന്റ് സ്ഥലം പാറയല്ലാതെ കിടക്കുന്നതും ടിയാന്റെ പിതാവിന്റെ കൈവശത്തിൽ ഇരുന്നുവന്നിരുന്നതുമാണെന്നും, ശ്രീമതി മീരാബീവിയുടെ പേരിൽ 1.90 ആർ നിലവും മീരാബീവിയുടെ ഭർത്താവിന്റെ പേരിൽ 11.15 ആർ ഭൂമിയും ഉള്ളതായും അറിവായിട്ടുള്ളതാണ്. നാളത് സർവ്വെ 971/1A.-80A നമ്പറിൽപ്പെട്ട 1 ഏക്കർ 24 സെന്റ് വസ്തു കോതമംഗലം താലൂക്ക്, പല്ലാരിമംഗലം വില്ലേജിൽ ഉൾപ്പെട്ടുവരുന്നതും ആയതിൽ 43.500 സെന്റ് നിലവിൽ പാറയായി കാണപ്പെടുന്നതുമാണ്. 80.500 സെന്റ് സ്ഥലം മീര ബീവിയുടെ കൈവശത്തിലുള്ളതും ഏകദേശം 130 റബ്ബർ മരങ്ങൾ നിൽക്കുന്നതുമാണ്. പാറയായി കാണപ്പെടുന്ന 43.500 സെന്റിൽ 34 സെന്റ് അന്യ കൈവശത്തിലും 9.500സെന്റ് മീര ബീവിയുടെ കൈവശത്തിലുമാണ്. മീരാ ബീവിയ്ക്കോ ടിയാളുടെ മക്കൾക്കോ ടി വസ്തുവിനോട് ചേർന്ന് മറ്റ് ഭൂമിയില്ലാത്തതാണ്. അപേക്ഷാ സ്ഥലം BTR പ്രകാരം പാറപുറമ്പോക്കിൽ ഉൾപ്പെട്ടുവരുന്നതാണ്.

4. ലാന്റ് റവന്യു കമ്മീഷണറുടെ പരാമർശം (5) റിപ്പോർട്ട് പ്രകാരം പോത്താനിക്കാട് വില്ലേജിൽ സർവ്വേ നം 971/1എ/80എ യിൽപ്പെട്ട 1 ഏക്കർ 20 സെന്റ് 80 ച.ലി ഭൂമി പട്ടയ കക്ഷിയുടെ പിതാവായിരുന്ന ശ്രീ. അലി പിള്ള മുഹമ്മദ് 30 വർഷത്തോളം കൈവശം വച്ച് വന്നിരുന്നതാണ്. ടിയാന്റെ വാർഷിക വരുമാനം 8000/- രൂപയായിരുന്നതിനാൽ ടി ഭൂമി പതിച്ച് ലഭിക്കുന്നതിന് ടിയാന് അർഹത ഉണ്ടായിരുന്നില്ല. ടിയാന്റെ മകളും പട്ടയ കക്ഷിയുമായ ശ്രീമതി. മീരാ ബീവി 1972 മുതൽ ഭർത്താവിനോടൊപ്പം കുന്നത്തുനാട് താലൂക്കിൽ ആണ് താമസിച്ച് വന്നിരുന്നത്. 1987 ലാണ് കോതമംഗലം താലൂക്ക് പരിധിയിൽപ്പെട്ട പ്രസ്തുത ഭൂമി ശ്രീമതി. മീരാ ബീവി പേർക്ക് പട്ടയം അനുവദിച്ചിട്ടുള്ളത്. ആയതിൽ നിന്നും പതിവ് നടപടികളുടെ സമയത്ത് ടി ഭൂമി പട്ടാദാരായ ശ്രീമതി. മീര ബീവിയുടെ കൈവശത്തിൽ ആയിരുന്നില്ല എന്ന് വ്യക്തമാകുന്നതാണ്. കൂടാതെ ടിയാന്റെ കുടുംബ വാർഷിക വരുമാനം 5075/- രൂപയുമായിരുന്നു. പട്ടയം റദ്ദ് ചെയ്യുന്നതിന് മുൻപായി തങ്ങളുടെ ഭാഗം ബോധിപ്പിക്കുന്നതിനുള്ള മതിയായ അവസരം ആർ.ഡി.ഒ കക്ഷികൾക്ക് നൽകിയിരുന്നുവെങ്കിലും കക്ഷികൾ ഹിയറിംഗിന് ഹാജരായിരുന്നില്ല. പട്ടയ കക്ഷിയുടെ കുടുംബ വാർഷിക വരുമാനം പതിവ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരുന്നതിലും കൂടുതൽ ആയിരുന്നതിനാലും പതിവ് സമയത്ത് പട്ടയ ഭൂമി പട്ടയ കക്ഷിയുടെ കൈവശമില്ലായിരുന്നതിനാലുമാണ് പട്ടയം റദ്ദ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ് എന്നും മേൽ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ഹർജിക്കാർ സമർപ്പിച്ചിരുന്ന റിവിഷൻ ഹർജി ബന്ധപ്പെട്ട കക്ഷികളെ കേട്ടതിന് ശേഷം തള്ളി തീർപ്പാക്കിയിരുന്നത് എന്നും അറിയിച്ചിട്ടുണ്ട്.

5. പരാമർശം (3) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 15.04.2024-ന്

നിശ്ചയിച്ചിരുന്ന ഹിയറിംഗിൽ പരാതിക്കാരന് വേണ്ടി അഡ്വക്കേറ്റ് ഹാജരായിരുന്നു. പരാതിക്കാരന്റെ അഡ്വക്കേറ്റ് താഴെ പറയും പ്രകാരം അറിയിക്കുകയുണ്ടായി.

" റിട്ട് പെറ്റീഷനിലെ 1-ാം ഹർജിക്കാരിയായ ശ്രീമതി.മീരാബീവിക്ക് തന്റെ പിതാവിൽ നിന്നും Oral gift ആയി കിട്ടിയ ഭൂമിയാണ് പ്രസ്തുത 1 ഏക്കർ 20 സെന്റ് & 800 സ്ഥ. മീ എന്നും ടിയാൾ മരണപ്പെട്ടു എന്നും ടിയാരിയുടെ legal heirs ആണ് നിലവിലെ അപേക്ഷകർ എന്നും അറിയിച്ചു. ദാനാധാരമായി കിട്ടിയ ഭൂമിയിൽ റബ്ബർ പ്ലാന്റേഷൻ സ്ഥിതി ചെയ്യുകയാണ്. ദാനാധാരമായി കിട്ടിയ ഭൂമി റവന്യൂ രേഖകളിൽ പുറമ്പോക്കായി രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടിയാൾ പട്ടയത്തിനായി അപേക്ഷിക്കുകയും പട്ടയം അനുവദിക്കുകയും ഉണ്ടായി. പട്ടയം അനുവദിച്ചതിനെതിരെ നൽകിയ പരാതിയെ തുടർന്ന് അപേക്ഷകയെ നേരിൽ കേൾക്കാതെ തന്നെ പട്ടയം റദ്ദ് ചെയ്യുകയുമുണ്ടായി. ഇക്കാര്യത്തിൽ ഫയൽ ചെയ്ത പെറ്റീഷനും അപ്പീലും നിരസിച്ചതിനെ തുടർന്ന് ബഹു.ഹൈക്കോടതി മുമ്പാകെ WP(C)2953/2022 ഫയൽ ചെയ്യുകയും രണ്ടാമത്തെ റിവിഷൻ പെറ്റീഷൻ സർക്കാരിന് അനുവദിക്കുവാൻ കഴിയുന്നതല്ല എന്ന് സർക്കാർ 25/01/2008ലെ സ.ഉ(സാധാ)43/2008/റവ പ്രകാരം നിരസിക്കുകയും ഉണ്ടായി. തുടർന്ന് ടിയാൾ സമർപ്പിച്ച പരാതിയിൽ തഹസിൽദാർ മൂവാറ്റുപുഴ RDOയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പാറ പുറമ്പോക്കാണ് എന്ന കാരണത്താലാണ് പട്ടയം അനുവദിക്കാത്തത് എന്നാൽ Settlement Register പ്രകാരം ആയത് പുരയിടം, തരിശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ നിലവിൽ ചെങ്കൽ പ്രദേശത്തെയാണ് പാറപുറമ്പോക്ക് എന്ന് ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത ഭൂമി 1927 മുതൽ തന്നെ ശ്രീമതി.മീരാ ബീവിയുടെയും മുൻഗാമികളുടെയും കൈവശത്തിലും അനുഭവത്തിലുമാണ് എന്നത് കണക്കിലെടുത്തും ഭൂമി ടിയാളുകളുടെ അനന്തരാവകാശികൾക്ക് അനുവദിക്കണം എന്ന് അഡ്വക്കേറ്റ് അറിയിക്കുകയുണ്ടായി.

6. അഡ്വക്കേറ്റ് അറിയിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലും ലാൻറ് റവന്യൂ കമ്മീഷണർ, ജില്ലാ കളക്ടർ എന്നിവർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ടി വിഷയം പരിശോധിച്ചതിൽ മീരാബീവിയ്ക്ക് നൽകിയ പട്ടയം റദ്ദ് ചെയ്ത നടപടിയിലും ആയത് ശരി വെച്ചു കൊണ്ടുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിയിലും അപാകത ഒന്നും ഇല്ലാത്തതും നിയമപ്രകാരവുമാണ് എന്ന് വ്യക്തമായിട്ടുണ്ട്. എന്നാൽ ടി ഭൂമി പട്ടയം ലഭിച്ച 1997 -ന് മുമ്പ് തന്നെ ടിയാളുടെ പിതാവിന്റെയും ഇപ്പോൾ ടിയാളുടെ അനന്തരാവകാശികളുടെയും കൈവശമാണ് എന്നും ഏകദേശം 26 വർഷത്തോളമായി ഭൂമി കൈവശം വെച്ച് അനുഭവിച്ചു വരുന്നു എന്നും ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം ടി ഭൂമി പാറ പുറമ്പോക്ക് ആണ്, എന്നാൽ സെറ്റിൽമെന്റ് രജിസ്റ്ററിൽ സർവ്വെ നം 971 പുറമ്പോക്ക് തരിശ് ആയി രേഖപ്പെടുത്തിയിരിക്കുന്നു എന്നും വ്യക്തമാകുന്നു. പാറപുറമ്പോക്ക് പതിച്ചു നൽകുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ ഓരോന്നും പ്രത്യേകം പരിശോധിച്ച് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി അവ അസൈനബിൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന പരിശോധനയ്ക്കും വിധേയമായി ഉചിതമായ നടപടി കൈക്കൊള്ളാവുന്നതാണ് എന്നും അർഹതയുള്ള അപേക്ഷ കണ്ടെത്തുന്ന പക്ഷം വ്യക്തമായ ശുപാർശ സഹിതം സമർപ്പിക്കുവാനും പരാമർശം (2) ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

7. മേൽ സാഹചര്യത്തിൽ മീരാബീവിയ്ക്ക് നൽകിയ പട്ടയം റദ്ദ് ചെയ്ത നടപടിയും ആയത് ശരി വെച്ചു കൊണ്ടുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിയിലും അപാകത ഒന്നും ഇല്ലാത്തതും

നിയമപ്രകാരവുമാണ്. എന്നിരുന്നാലും മുൻ ഉത്തരവുകളുടെ സ്വാധീനമില്ലാത്ത വിധം വിഷയം തഹസിൽദാരുടെ 21/5/2008-ലെ സി3/915/2008 റിപ്പോർട്ടിന്റെ (Ext.P12) അടിസ്ഥാനത്തിൽ പരിശോധിച്ച് തീർപ്പാക്കണമെന്ന് ബഹു.ഹൈക്കോടതിയുടെ നിർദ്ദേശിച്ചിട്ടുള്ളത് കണക്കിലെടുത്ത് മീരാബീവിയുടെ അവകാശികളുടെ (legal heirs) അർഹത പരിശോധിച്ച് കോതമംഗലം താലൂക്ക്, പോത്താനിക്കാട് വില്ലേജ് സർവ്വെ 971/1എ/80എ നമ്പരിൽപ്പെട്ട 1 ഏക്കർ 20 സെന്റ് 800ച. ലിങ്ക്സ് ഭൂമിയിൽ പാറയില്ലാത്ത 80.500 സെന്റ് ഭൂമി പതിച്ച് ലഭിക്കുന്നതിന് ടിയാൾക്കാർ അർഹരാണ് എങ്കിൽ പരാമർശം (2) സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം വിശദമായ പ്രൊപ്പോസൽ 3 മാസത്തിനകം ലാന്റ് റവന്യൂ കമ്മീഷണർ വഴി സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. ഇപ്രകാരം പരാമർശം (3)ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
INDU G I
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.(ആമുഖ കത്ത് സഹിതം)
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
ശ്രീ.അബ്ദുൾ കരിം, കണ്ണേലിൽ ഹൗസ്, ഒക്കൽ പി.ഓ, പെരുമ്പാവൂർ, പിൻ-683550
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Suresh Kumar K
Date: 14-11-2024 10:50:57
സെക്ഷൻ ഓഫീസർ